GOSPEL Echoes
A Publication of North American Church of God Writers Fellowship

# Writers Forum Publication Greeting



PR. BENSON ABRAHAM

Greetings in the name of Our Lord and Savior Jesus Christ. On behalf of the National Executive Team of NACOG 2026 I am glad to pen a few words of greetings in this Writer's Forum News Letter.

Church of God International Writers fellowship has been a great blessing to NACOG. Iappreciate the initiative taken by the Writers Forum officials to promote the God given talent of creative writing in our community. Writing not only is informative and thought provoking, but also inspire the divine transformation in our lives. I thank God for all the contributors in this publication and may God continue to use your talent for His glory and for the expansion of Kingdom of God at large.

I would like to take an opportunity here to welcome you all to NACOG 2026, the 29th North American Church of God Conference in the Mile High City of Denver, Colorado. The theme for this year is chosen prayerfully as "United by the Spirit" from Joel 2:28. "And it shall come to pass afterward That I will pour out My Spirit on all flesh; Your sons and your daughters shall prophesy, Your old men shall dream dreams, Your young men shall see visions." Christian writings are not mere human thoughts; instead, they shall be inspired by the anointing of the Holy Spirit. Indeed, Christian wirings are powerful prophetical voices of all the time and edifyour spiritual life.

In the 2025 NACOG Conference we expect a great revival in our community by the powerful outpouring of the Holy Spirit upon all generations. Let's stand united by the Spirit for this great vision and prophesy to be fulfilled in our time. I request your earnest prayers for the blessing of our 29th NACOG Conference. I invite you all to be part of this historic conference as it is coming to the Western part of North America for the first time ever since its inception 28 years ago. NACOG 2026 shall be a great time of our Church of God families' spiritual fellowship and at the same time, avail this opportunity to explore the natural beauty of Colorful Colorado whichis a favorite tourist destination for thousands of travelers every year.

It is my prayer that the readers of this publication shall be blessed and the thoughts shall bring forth the prophetic voice that shall give way to transformation in many lives.

President NACOG 2026
Pastor Benson Abraham



REV.DR. EBBY MAMMEN
President,
Writer's Fellowship.

> Forget the former things; do not dwell on the past. See, I am doing a new thing! Now it springs up; do you not perceive it?
> Isaiah 43:18–19

As we step into a new year with gratitude and expectation, we thank God for His faithfulness in the year gone by and look forward with hope to all that He has prepared for us ahead.

We are living in a remarkable digital age—an era where our words can travel farther and touch more lives than ever before. Writing has become a powerful tool to inspire, encourage, and transform, reaching hearts across the globe at the click of a button. I am grateful to God for the opportunity to conduct our first virtual workshop on September 14, "Creative Writing in the Digital Age," with Evg. Jaimohan Athirunkal as our resource person. The session was both enriching and inspiring, motivating many of our members to refine their writing skills and use them for God's glory

We are prayerfully planning another workshop this December and warmly invite all members to join and benefit from this learning experience. As we continue to grow in our craft, I also urge you to earnestly pray for the upcoming NACOG 2026 in Denver, Colorado. May it be a time of spiritual renewal, unity, and divine visitation for our fellowship, and may the seeds sown through our writing contribute to the wider impact of God's work.

Let us embrace writing with creativity, purpose, and spiritual insight, remembering that every word we share can plant seeds of faith, hope, and encouragement in the lives of others. In this digital age, our pens—and keyboards—can become instruments of transformation.



**NACOG Writers Fellowship Officials:**

Dr. Rooban Nahomi (Treasurer)
Rev. Mathew K. Philip (Publisher)
Roy Mepral (Vice President)
Rev. Dr. Ebby Mammen (President)
Rev. Biju George (Secretary)
Susan B. John (Joint Secretory)



BRO. ROY MEPRAL



# കാക്കയുടെ കുമ്പസാരം

പുറത്തു പെയ്തുകൊണ്ടിരുന്ന മഴ നിന്നു എന്നും കര കണ്ടാലുടനെ നമുക്ക് പുറത്തിങ്ങാൻ സാധിക്കും എന്ന സന്തോഷ വാർത്ത നോഹ അറിയിച്ചപ്പോൾ പെട്ടകത്തിലുണ്ടായിരുന്ന പക്ഷി മൃഗാദികൾ എല്ലാം സന്തോഷം കൊണ്ട് തുള്ളിച്ചാടി, എത്ര നാളുകളായി വട്ടത്തിൽ കിടന്നു കറങ്ങുന്നു. നിങ്ങളിലാരെങ്കിലും പോയി കര കാണാമോ എന്ന് നോക്കി വരണം. 'നോഹയുടെ കണ്ണുകൾ അരയന്നത്തിലേക്കു പതിച്ചു ങ്ങാ ഹാ.. നിഷേധ ഭാവത്തിൽ തലയാട്ടി ചിറകുകൾ ചലിപ്പിച്ചു അത് പിന്നിലേക്ക് വലിഞ്ഞു. 'നിനക്കോ? ഉയരങ്ങളിൽ പറക്കുവാൻ കഴിവുള്ള കഴുകനോടായിരുന്നു ആ ചോദ്യം. കഴുകാനാകട്ടെ ചോദ്യം കേട്ട ഭാവം പോലും കാട്ടാതെ പേടകത്തിന്റെ അടിത്തട്ടിലേക്ക് പറന്നുപോയി കഴിവുള്ള ആരും ഉണ്ട ചോറിനു നന്ദി കാണിക്കാതെ പിന്മാറുന്നത് കണ്ട് നിരാശനായി നോഹ പെട്ടകത്തിന്റെ പടികളിറങ്ങി കിടക്കയിലേക്ക് പോയി.

നോഹ നല്ല ഉറക്കത്തിലായപ്പോൾ പക്ഷികൾ എല്ലാവരും മയിലിന്റെ നേതൃത്വത്തിൽ രാത്രി യോഗം ചേർന്നു കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു ഒരു തീരുമാനത്തിലെത്തി, മഴ നിന്നതുകൊണ്ട് നോഹയപ്പൻ കാണിക്കുന്ന വെപ്രാളത്തിനു കാര്യമായ വില കൽപ്പിക്കണ്ട എന്നും വെറുതെ കര തേടിപ്പോയി ജീവിതം നശിപ്പിക്കാതെ എപ്പോഴെങ്കിലും ഉണങ്ങിയ നിലം കാണുമ്പോൾ ഇറങ്ങിയാൽ മതിയെന്നുമായിരുന്നു ഭൂരി പക്ഷം മാത്രമല്ല ഇനിയും രണ്ടോ മൂന്നോ മാസം കഴിക്കുവാനുള്ള ഗോതമ്പും ചാക്കുകളിൽ ഉണ്ടായിരുന്നു.

പിറ്റെന്നാൾ പ്രഭാതത്തിൽ തീറ്റ നൽകുവാൻ എത്തിയ നോഹയുടെ ചുറ്റും പക്ഷികൾ കൂട്ടം കൂടി പതിവില്ലാത്ത ഒരു മാറ്റം കണ്ടപ്പോൾ നോഹ അത്ഭുതപ്പെട്ടു. ചുറ്റുപാടും നോക്കിയപ്പോൾ ഒരു കോണിൽ നിന്നും തത്തമ്മ പറന്നുവന്നു നോഹയുടെ മുന്നിൽ നിന്ന് അവരുടെ തീരുമാനം വായിച്ചു നോഹ പിതാവേ, ദൈവം നമ്മെ എല്ലാം ഈ പെട്ടകത്തിനകത്ത് എത്തിച്ചത് തന്റെ മുൻനിർണ്ണയത്തിലാണെന്ന് അറിയാമല്ലോ. എല്ലാ പക്ഷികളും നശിച്ചപ്പോൾ ഈ ഞങ്ങളെ മാത്രം തിരഞ്ഞെടുത്തത് ഞങ്ങളിലെ എന്തെങ്കിലും കഴിവുകൾ കാരണമെന്നു കരുതാമല്ലോ, ആ നിലയിൽ ഞങ്ങൾ പുറത്തുപോയി അപകടത്തിൽ പെടുന്നത് ശരിയാകില്ല. നമുക്ക് നിലം കാണുന്നതുവരെ കാത്തിരിക്കാം പക്ഷികൾ ചിറകുകൾ ഉയർത്തി ശരിവച്ചു വരിവരിയായി പടികളിറങ്ങുന്നതും നോക്കി നോഹ കുറെ നേരം നിന്നുപോയി. തിരിഞ്ഞു നോക്കിയപ്പോൾ പിറകിൽ ഒരു കാക്ക മാത്രം അവശേഷിച്ചു. 'എന്നാ നീയും പോകുന്നില്ലേ നോഹ കാക്കയോട് ചോദിച്ചു. കാക്കയുടെ കണ്ണിൽനിന്നും ഒരു തുളി കണ്ണുനീർ പെട്ടകത്തിൽ വീണു ചിതറി. 'നീ എന്തിനാ കരയുന്നത്, കാര്യം പറഞ്ഞാട്ടെ'


കാക്ക ഒരു ചുവട് പിന്നോട്ട് മാറി തലകുനിച്ചു നിന്ന് ഇപ്രകാരം പറഞ്ഞു:യജമാനനേ, ഈ പക്ഷികളെല്ലാം പറഞ്ഞത് ശരിതന്നെ, അവക്കെല്ലാം എന്തെങ്കിലും കഴിവുകളോ ഭംഗിയോ ഉള്ളവയാണ്. എന്നാൽ ഈ ഞാൻ എനിക്കൊരു കഴിവോ ആകർഷണമോ ഇല്ല. എന്റെ എല്ലാ കുടുംബങ്ങളും പ്രളയത്തിൽ നശിച്ചപ്പോൾ അവിടുന്നു എന്നെ അകത്തു കയറ്റി തീറ്റിപോറ്റിയില്ലേ. ഇനിയും അവിടുന്ന് ചോദിക്കുന്നതൊന്നിലും എനിക്ക് മറുതലിക്കുവാനാവതില്ല അവിടുത്തെ കൽപ്പന ഇതാ അടിയൻ അനുസരിക്കുന്നു.

പിന്നെ ഒട്ടും അമാന്തിച്ചില്ല. നോഹ നോക്കി നിൽക്കെ തുറന്നു കിടന്ന ജനാലയിലൂടെ ആ കാക്ക കരതേടി അനന്തതയിലേക്ക് പറന്നുപോയി.

# She has done a beautiful thing to me



DR. ROOBAN NAHOMI
Treasurer



During a Sunday school class, while the teacher was teaching her students, she asked them to quietly read Matthew 26:6–13 and gave them ten minutes to do so. After the time was up, she asked, "What do you think about this passage?"

The children shared many different opinions. Some said they agreed with the disciples, while others said they thought what the woman did was good.
The teacher responded, "You see, Jesus appreciated what she did—and that makes all the difference." She added, "Whatever we do for the Kingdom of God should be pleasing to Him."

She then began to explain the passage: "This event took place at the house of Simon the Leper. In the story, we see Jesus, a woman, and Jesus's disciples. We don't know how many disciples were present. The woman poured very expensive perfume from an alabaster jar onto Jesus's head. This perfume was worth about 300 denarii, which was roughly a years wages for a laborer at the time. It's possible that she spent her entire savings on it.
But the first response she heard wasn't encouraging, was it? The very people who should have appreciated her act instead discouraged her, asking, 'Why this waste?'Sometimes, when we do something for the Kingdom of God and put in our best effort, people won't understand it. They may not see the beauty in what we're doing and might even discourage us. That discouragement could come from friends, relatives, or even those closest to us.

But don't let that stop you. Just like this woman, give your best anyway.Let me give you an example. Many years ago, missionaries from the United States and Europe went to different parts of the world. They left behind their comfort zones, good lifestyles, familiar food, and loved ones. Many of them faced challenges like what this womanexperienced—but they still gave their best. Some couldn't even reach their destination due to the natural obstacles of the time, but many did. They changed countless lives and led people to Jesus. Isn't that beautiful, kids?
In the passage you read, right in the midst of criticism, Jesus said to His disciples, 'Why are you bothering this woman? She has done a beautiful thing to me.'
So remember this: when you do something for God's Kingdom, give it your best. Don't bediscouraged by anything. Jesus sees it, and He will acknowledge it."



REV.DR. EBBY MAMMEN
Atlanta



# ഡിജി മിഷൻ

എഴുതുക എന്നത് നമ്മുടെ മനസ്സിലെ ചില ആശയങ്ങൾ പങ്കിടുന്നതു മാത്രമല്ല; അത് ഹൃദയങ്ങളെ രൂപപ്പെടുത്താൻ കഴിയുന്ന ശക്തികൂടിയാണ്. അതുകൊണ്ടുതന്നെ, ഒരു എഴുത്തുകാരൻ തന്റെ വാക്കുകളുടെ ഉത്തരവാദിത്വം വളരെ ഗൗരവത്തോടെ കാണേണ്ടതുണ്ട്.

മോശെയുടെ എഴുത്തിലൂടെ നിയമം ലഭിച്ചു; ദാവീദിന്റെ സങ്കീർത്തനങ്ങൾ തലമുറകളെ പ്രചോദിപ്പിച്ചു; അപ്പൊസ്തലന്മാരുടെ കത്തുകൾ സഭകളെ ഉണർത്തി.

അതുപോലെ, ഇന്ന് നമ്മുടെ എഴുത്തുകളും ഒരു ദൗത്യത്തിനായിരിക്കണം. അപ്പൊസ്തലനായ പൗലോസ് കൊലൊസ്സ്യർ 4:6ൽ ഓർമ്മിപ്പിക്കുന്നു 'നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തിയതുമായിരിക്കട്ടെ.'

## ഡിജിറ്റൽ യുഗം അവസരങ്ങളുടെ പുതിയ ലോകം.

ഇന്ന് നാം ജീവിക്കുന്ന കാലഘട്ടം 'ഡിജിറ്റൽ യുഗം എന്നും.' ലോകം വിരൽത്തുമ്പിൽ' എന്നും വിശേഷിപ്പിക്കപ്പെടുന്നു. ലോകം അതി വേഗത്തിൽ മാറി ക്കൊണ്ടിരിക്കുന്നു . ചിന്തകളും ആശയങ്ങളും വെറും ചില നിമിഷങ്ങൾക്കുള്ളിൽ ലോകത്തിന്റെ അറ്റത്തോളം എത്തുന്ന കാലമാണിത്. ഈ സാഹചര്യത്തിൽ, സൃഷ്ടിപരമായി എഴുതുവാനുള്ള (Creative Writing) കഴിവ് ഒരു മഹാനുഗ്രഹവും ശക്തമായ ശുശ്രൂഷാ ആയുധവുമാണ്.

മുൻകാലങ്ങളിൽ ഒരു ലേഖനം പ്രസിദ്ധീകരിക്കാൻ ഏറെ സമയം ആവശ്യമായിരുന്നു. അച്ചടി മുഖേന അത് മറ്റുള്ളവരിലേക്കെത്താൻ ദിവസങ്ങൾക്കോ മാസങ്ങൾക്കോ ശേഷമായിരുന്നു സാധിക്കുക. മാത്രമല്ല. അതിന്റെ വ്യാപ്തിക്കും പരിമിതിയുണ്ടായിരുന്നു. എന്നാൽ ഇന്ന്. ബ്ലോഗുകൾ. സോഷ്യൽ മീഡിയ ഇമാഗസിനുകൾ, വെബ്സൈറ്റുകൾ തുടങ്ങിയവ മാർഗ്ഗങ്ങളിലൂടെ. ഒരു ചെറിയ ചിന്ത പോലും ലോകമെമ്പാടുമുള്ള ആളുകളിലേക്കു നിമിഷങ്ങൾക്കുള്ളിൽ എത്തിച്ചേരുന്നു.

ഇത് സുവിശേഷികരണത്തിനായി വലിയൊരു വാതിൽ തുറക്കുന്നു. ഈ അവസരം നാം ബോധപൂർവം ദൈവനാമ മഹത്വത്തിനായി ഉപയോഗിക്കേണ്ടതാണ്.

## അത് എങ്ങനെ സാധ്യമാക്കാം?

**1 സാക്ഷ്യങ്ങൾ പങ്കിടൽ :** ഒരു വ്യക്തി തന്റെ ജീവിതാനുഭവം എഴുതിയാൽ അത് വായിക്കുന്നവർക്ക് പ്രത്യാശയായി മാറും

**2 ബൈബിളിലെ സത്യങ്ങൾ അവതരിപ്പിക്കൽ:**
ലളിതവും ആധുനികവുമായ ഭാഷയിൽ എഴുതിയൊരു സന്ദേശം. പലർക്കും ദൈവത്തിന്റെ സ്നേഹം തിരിച്ചറിയാൻ വഴിയൊരുക്കും.

**3 ചോദ്യങ്ങൾക്ക് ഉത്തരം നൽകൽ:**
വിശ്വാസവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് സ്നേഹപൂർവ്വം വചന വെളിച്ചത്തിൽ മറുപടി നൽകുമ്പോൾ. പലരും സത്യത്തിലേക്ക് ആകർഷിക്കപ്പെടും.

ഇങ്ങനെ ഡിജിറ്റൽ ലോകം തന്നെ ഒരു 'മിഷൻ ഫിൽഡ' ആയി മാറുന്നു. നമ്മുക്ക് നേരിട്ട് എത്തിപ്പെടാൻ കഴിയാത്ത രാജ്യങ്ങളിലേക്കും സംസ്കാരങ്ങളിലേക്കും ഭാഷകളിലേക്കും നമ്മുടെ എഴുത്ത് എത്തുന്നു. ബൈബിൾ തുറന്നുവായിക്കാത്തവർ പോലും. സോഷ്യൽ മീഡിയയിലെ ഒരു പോസ്റ്റിലൂടെയോ വെബ്സൈറ്റിലെ ഒരു ലേഖനത്തിലൂടെയോ സുവിശേഷത്തിന്റെ വെളിച്ചം ശ്രദ്ധിക്കാൻ ഇടയാകുന്നു.

യേശു പറഞ്ഞതുപോലെ, 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്' (മത്തായി 5:14). ഇന്ന് ആ വെളിച്ചം പ്രകാശിപ്പിക്കുവാൻ കഴിയുന്ന ഏറ്റവും വലിയ വേദി തന്നെയാണ് ഡിജിറ്റൽ മിഷൻ ഫീൽഡ്.

## എഴുത്തുകാരന്റെ ഉത്തരവാദിത്വം

യഥാർത്ഥ ആത്മീയന്റെ എഴുത്ത് ജീവിതങ്ങളെ പരിവർത്തനത്തിലേക്ക് നയിക്കുവാനുള്ള ഉത്തരവാദിത്വമുള്ള ശുശ്രൂഷയാണ്. എന്നാൽ ഇന്നത്തെ ഡിജിറ്റൽ ലോകത്തിൽ 'ആത്മിയ എഴുത്ത്' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെടുന്ന പലതും വ്യാജവാദങ്ങളും ദുർവ്യാഖ്യാനങ്ങളും നെഗറ്റിവ് ആശയങ്ങളും അനാവശ്യ വിമർശനങ്ങളും നിറഞ്ഞവയാണ്. ഇതിലൂടെ അനവധി ഹൃദയങ്ങൾ തെറ്റിദ്ധരിപ്പിക്ക പ്പെടുകയും മുറിപ്പെടുകയും ചെയ്യുന്നു.

ഈ സാഹചര്യത്തിൽ ആത്മികർ എഴുതുന്ന ഓരോ വാക്കും

1 സത്യത്തിൽ ഉറച്ചതായിരിക്കണം: വായനക്കാരെ ദൈവവചനത്തിലേക്കാണ് നയിക്കേണ്ടത്. ആശയക്കുഴപ്പത്തിലേക്കല്ല

2 കൃപയോടും സ്നേഹത്തോടെയും നിറഞ്ഞി രിക്കണം : വിമർശനത്തിനും കുറ്റപ്പെടുത്തലിനുമപ്പുറം, കെട്ടിപ്പടുക്കുന്ന പ്രചോദിപ്പിക്കുന്ന മാനസാന്തരത്തിലേക്ക് നയിക്കുന്ന രീതിയിലായിരിക്കണം.

3 വിശ്വാസത്തെ ശക്തിപ്പെടുത്തണം: സംശയങ്ങളിൽ കഴിയുന്നവർക്കു പ്രോത്സാഹനവും ആത്മവിശ്വാസവും നൽകണം.

4 പ്രത്യാശയുടെ സന്ദേശമായിരിക്കണം: ഇരുട്ടിൽ കഴിയുന്നവർക്ക് വെളിച്ചവും ആശ്വാസവും നൽകണം.

5 ദൈവത്തെ മഹത്വപ്പെടുത്തണം: എഴുത്ത് വായനക്കാരെ എഴുത്തുകാരന്റെ കഴിവിലേക്കല്ല. ദൈവത്തിന്റെ മഹത്വത്തിലേക്കാണ് വിരൽ ചൂണ്ടേണ്ടത്.

## എഴുത്ത് ഒരു ദൗത്യം

എഴുതുവാനുള്ള നമ്മുടെ കഴിവ് വെറും ഹോബി എന്നതിനപ്പുറം.



ദൈവം നൽകിയ ദൗത്യം ആണെന്ന് തിരിച്ചറിയണം. ഈ ഡിജിറ്റൽ യുഗം നമ്മുക്ക് മുന്നിൽ തുറന്നിട്ടിരിക്കുന്ന അപൂർവ അവസരം വേണ്ടവിധത്തിൽ ഉപയോഗിച്ചാൽ, തലമുറകളെ സ്വാധീനിക്കാനും സുവിശേഷത്തിന്റെ വെളിച്ചം ലോകമെങ്ങും പരത്താനും നമുക്ക് കഴിയും.

'നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ (1 തിമൊത്തി 4:14) എന്ന വചനം നമ്മുടെ ഹൃദയങ്ങളിൽ മുഴങ്ങട്ടെ.



# കുശവന്റെ കയ്യിലെ മൺപാത്രം.



SIS. CHRISTINA RAJAN
Atlanta Church of God

തിരുവചനത്തിൽ മനുഷ്യരെ മൺപാത്രങ്ങളോടാണ് ഉപമിച്ചിരിക്കുന്നത്. പ്രവാചകനായ യെശയ്യാവ് പറയുന്നുവല്ലോ: 'ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ മെനയുന്ന കുശവനും ആകുന്നു' (യെശയ്യാവ് 64:8). നമ്മുടെ സൃഷ്ടിയുടെ അടിസ്ഥാനം ഭൂമിയിലെ പൊടിയാണ്. അതിനാൽ നാം മരണത്തിനും ജീർണ്ണതയ്ക്കും എളുപ്പത്തിൽ ഇരയാകുന്നവരാണ്. എങ്കിലും, അതേ ദൈവം തന്നെയാണ് നമ്മെ അത്ഭുതകരമായ രീതിയിൽ രൂപപ്പെടുത്തിയതെന്നും 'ഞാൻ ഭയങ്കരവും അത്ഭുതകരവുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.' (സങ്കീർത്തനം 139:14) എന്നു ദാവീദ് അത്ഭുതത്തോടെ പറയുന്നു. പൊടിപോലെ ദുർബലരായാലും, നാം ദൈവ ഉദ്ദേശത്തിന്റെ ദിവ്യസൃഷ്ടികളാണ്. ഭാഗമായ ഈ സത്യത്തിന്റെ ആഴം മനസ്സിലാക്കാൻ യിരെമ്യാവിന്റെ പുസ്തകത്തിലേക്ക് കണ്ണോടിക്കാം:

'അങ്ങനെ ഞാൻ കുശവന്റെ വീട്ടിൽ ചെന്നപ്പോൾ അവൻ ചക്രത്തിന്മേൽ വേല ചെയ്തുകൊണ്ടിരുന്നു. കുശവൻ കളിമണ്ണുകൊണ്ടു ഉണ്ടാക്കിയ പാത്രം അവന്റെ കയ്യിൽ ചീത്തയായിപ്പോയി; എന്നാൽ കുശവൻ അതിനെ തനിക്കു തോന്നിയതുപോലെ മറ്റൊരു പാത്രമാക്കി ത്തീർത്തു' യിരെമ്യാവ് 18:34. നാം സൂക്ഷ്മമായി ഈ വാക്യത്തെ പരിശോധിച്ചാൽ മനസ്സിലാക്കുവാൻ സാധിക്കുന്ന രണ്ടു കാര്യമുണ്ട്.

1. കുശവന്റെ കയ്യിൽ ഇരിക്കുമ്പോൾ തന്നെയാണ് പാത്രം കേടായത്. അത് കുശവന്റെ കുഴപ്പമല്ല, മറിച്ച്, കളിമണ്ണിന്റെ കുറവാണ്.

2. കുശവൻ അതിനെ ഉപേക്ഷിച്ചില്ല; മറിച്ച്, കേടായ പാത്രത്തെ മറ്റൊരു മാനപാത്രമായി രൂപപ്പെടുത്തി.

ഇവിടെ പരാമർശിച്ചിരിക്കുന്ന പാത്രം നമ്മളാണ്, കുശവൻ എന്ന് പറയുന്നത് സൃഷ്ട്ടാവായ ദൈവവും. മൺ പാത്രങ്ങളായ നാം നമ്മുടെ സൃഷ്ട്ടാവും കർത്താവുമായവന്റെ കരങ്ങളിൽഇരിക്കുമ്പോൾപോലും നാം വീണ്ടെടുക്കപ്പെടാത്ത ശരീരത്തിൽ ആകയാൽ ഉടയപ്പെടുവാനും തകർക്കപ്പെ ടു വാ നും ഇടയുണ്ട് എന്ന് ഓർക്കേണ്ടിയിരിക്കുന്നു. ഇതിനർത്ഥം, ദൈവമക്കൾ ആയിരിക്കുമ്പോൾ തന്നെ നാം ജഡത്തിൽ വസിക്കുന്ന മനുഷ്യർ ആകയാൽ മാനുഷികമായി തെറ്റുകളും പരീക്ഷണങ്ങളും പരിശോധനകളും എല്ലാം നമ്മുടെ ജീവിതത്തിൽ സംഭവിപ്പാൻ ഇടയുണ്ട് എന്നതാണ്. മനുഷ്യർ എന്ന നിലയിൽ നാം ഈ ലോകത്തിൽ കടന്നു പോകേണ്ട പാതകളെ, ശോധനകളെ, കർത്താവ് നന്നായി അറിയുന്നു.
(എബ്രായർ 4:15). നമ്മുടെ ജീവിതം ദൈവത്തിന് വിലപ്പെട്ടതാണ്
(യെശയ്യാ 43:4)
അതുകൊണ്ട് നാം ശ്രദ്ധയോടെ, വിശുദ്ധിയോടെ ജീവിക്കണം. ദൈവം നമ്മെ ഉടഞ്ഞുതകർന്ന പാത്രമായി കാണാൻ ആഗ്രഹിക്കുന്നില്ല. കുശവൻ, കേടായ പാത്രം തള്ളിക്കളയാതെ, അതേ മണ്ണിൽ നിന്ന് പുതിയൊരു പാത്രം രൂപപ്പെടുത്തിയത് ആ കളിമണ്ണിനെ ഉടച്ചുവാർത്തു അതിന്റെ കുറവ് പരിഹരിച്ചാണ്. ഇതേ വിധത്തിൽ നമ്മെ ഉടച്ചു വാർത്ത് കുറവ് പരിഹരിച്ചു മനോഹര പാത്രങ്ങളാക്കി തീർക്കുന്നത് അത്ഭുതകരമായ ദൈവസ്നേഹത്തിന്റെ പ്രതീകം കൂടിയാണ്.

ഇനിയും രണ്ടാം ഭാഗത്തിലേക്ക് വരാം, കുശവൻ തകർന്ന പാത്രത്തെ തനിക്ക് ഇഷ്ടപ്പെട്ടതു പോലെ പുതിയൊരു പാത്രമാക്കി മാറ്റി. അതുപോലെ, കർത്താവായ യേശു നമ്മെ തന്റെ മഹത്വത്തിനായി, തന്റെ പദ്ധതികൾക്കായി പുതുക്കുവാൻ ആഗ്രഹിക്കുന്നു. അവൻ വാഗ്ദാനം ചെയ്യുന്നു : 'നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു' (യിരെമ്യാവ് 29:11).

പലപ്പോഴും നാം നമ്മുടെ ഹൃദയത്തിലെ ആഗ്രഹങ്ങൾ അനുസരിച്ചുള്ള കാര്യങ്ങൾ ദൈവത്തോട് ആവശ്യപ്പെട്ട് പ്രാർത്ഥിക്കാറുണ്ട്, എന്നാൽ നമുക്കു വേണ്ടതെന്താണെന്ന് അറിയുന്നവൻ ദൈവം തന്നെയാണ്. അവൻ നമ്മെ തന്റെ രാജ്യത്തിനായി ഉപയോഗപ്രദമായ മനോഹര പാത്രങ്ങളായി തീർക്കുവാൻ ആഗ്രഹിക്കുന്നു.

ഒരു നിമിഷം ചിന്തിക്കുക ഒരു പാത്രമോ കലമോ വാങ്ങുവാനായി നിങ്ങൾ ഒരു കടയിൽ പോകുന്നു എന്ന് സങ്കൽപ്പിക്കുക, നിങ്ങളുടെ കണ്ണ് ആദ്യം പതിക്കുന്നത് സാധാരണ പാത്രത്തിലോ, അതോ കരകൗശല ചിത്രങ്ങളാൽ അലങ്കരിച്ച മനോഹരമായ ഒന്നിലേക്കായിരിക്കുമോ? തീർച്ചയായും മനോഹരമായതിൽ ആയിരിക്കും. പക്ഷേ, ആ പാത്രം അത്ര മനോഹരമാകുവാൻ അനേകം പ്രക്രിയകളിലൂ ടെ കടന്നുപോകേണ്ടിയിരുന്നു. അതുപോലെ തന്നെയാണ് നമ്മുടെ ആത്മീയ ജീവിതവും. ദൈവം നമ്മെ ചിലപ്പോൾ പരിശോധനകളിലൂടെ കടത്തിക്കൊണ്ടുപോകുന്നത് നമ്മുടെ സൗന്ദര്യം, മൂല്യം എന്നിവ വെളിപ്പെടുത്താനാണ്. അവൻ നമ്മെ സാധാരണ പാത്രങ്ങൾ ആയി അല്ല, മറിച്ച് തന്റെ മഹത്വം പ്രതിഫലിപ്പിക്കുന്ന മാന പാത്രങ്ങ ൾ ആയി തീർക്കുകയാണ്. നമ്മുടെ ക്രിസ്തീയ ജീവിതം ആ മനോഹരവും വിലമതിക്കപ്പെട്ടതുമായ കലങ്ങൾ പോലെ ആ യി രി ക്കണം നമ്മുടെ കർത്താവിനും അ വ ന്റെ രാജ്യത്തിനും നേട്ടങ്ങൾ കൈവരുത്തുന്നവരായി. നമ്മെ ചുറ്റിപ്പറ്റിയിരിക്കുന്നവർക്ക് നമ്മിൽ നിന്നു മാതൃകാപരമായ ഒരു ജീവിതം കാണാനാകണം. നമ്മുടെ വാക്കുകളും പ്രവൃത്തികളും ദൈവത്തിന്റെ മഹത്വം പ്രതിഫലിപ്പിക്കുന്നവയായി മാറണം.

ഇത് എളുപ്പമുള്ള പ്രക്രിയയല്ല. ഒരു മനോഹര പാത്രം രൂപം നേടാൻ കുശവൻ കളിമൺപാത്രത്തെ ജ്വലനമുള്ള മൂശയിൽകൂടി കടത്തിവിടുന്ന തു പോലെ നമ്മുടെ ആത്മീയ ജീ വി ത വും പരീക്ഷണങ്ങളുടെയും ശോധനകളുടെയും വഴിയിലാണ് രൂപം പ്രാപിക്കുന്നത്. പക്ഷേ, ഒരിക്കൽ നാം കർത്താവിന്റെ കയ്യിൽ സമർപ്പിക്കപ്പെട്ടാൽ, അവൻ സാധാരണയായതിനെ അത്ഭുതമാക്കുന്നവനാണ്. അതിനാൽ, നിങ്ങൾക്കുള്ള സങ്കടങ്ങളും കുറവുകളും നോക്കി നിരാശരാകാതെ, നിങ്ങളെ തന്നെ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കുക. അവൻ നിങ്ങളെ സൗഖ്യമാക്കാനും പുനരുദ്ധരിക്കാനും കഴിയുന്നവനാണ്. കുശവന് ഇഷ്ടമുള്ള മാനപാത്രങ്ങളാകാം നമുക്കും.

ഹാലേലൂയ്യാ........



# INTRICATELY DESIGNED LOVE



REENA SAMUEL
Atlanta
Churtch of God



*"He who began a good work in you will carry it on to completion until the day of Christ Jesus." Philippians 1:6*

Life is like a puzzle, intricately designed by God's masterful hands. Each piece—uniquely shaped andcolored—represents a moment, experience, or relationship in our lives. As we journey through time, God carefully places each piece into position, creating a breathtaking work of art. He directs our footsteps according to His will and aligns them perfectly to bring glory to His name

**The Puzzle Pieces**

**1. Trials and Tribulations**

These are the dark, jagged pieces that seem to disrupt the puzzle's harmony. Yet, they ultimately add depth and texture to the overall picture. In every trial life presents, the Good Shepherd stays close by, whispering: "Do not fear, for I am with you; do not be afraid, for I am your God." Isaiah 41:10 Through the storms, His steady hand reminds us that even the painful pieces have purpose

**2. Joy and Triumphs.**

These are the vibrant, shining pieces that bring radiance to the puzzle. Moments of joy and triumph are the crowning jewels of our lives. The Good Shepherd leads His flock to green pastures and beside still waters (Psalm 23), filling our lives with His peace and abundance

**3. Relationships**

Relationships are the interlocking pieces that connect us to others. They form the framework of our lives—offering love, support, and meaning. The bond between the Good Shepherd and His sheep illustrates an unbreakable connection. When this connection weakens, the beauty of the masterpiece is affected. Our lives are meant to portray Christ and His love—a masterpiece held together by a Shepherd with infinite patience.

**4. Lessons and Growth**

The smaller, intricately carved pieces represent the wisdom and understanding we gain along the way. These moments shape our spiritual growth, helping us see God's hand in every detail.Looking back, every child of God can proclaim, "The Lord's love and mercy have molded me and brought me closer to my Savior."

**God's Master Plan**

As God arranges each piece, a beautiful picture gradually emerges. Every part is interconnected and interdependent, reflecting His love, wisdom, and glory. Out of the overflow of His divine love, God created humanity as vessels to receive and reflect His compassion and care. His plan is never random—it is a masterpiece unfolding with purpose.

**Our Role in the Puzzle**

At times, we may not understand the bigger picture. We might question why certain pieces are included or why others seem to be missing. But even when the picture appears incomplete, God's purpose is being fulfilled. As we trust in His sovereignty, we can rest assured that every piece— joyful or painful—is placed with divine precision to form a cohesive, glorious whole.

**The Completed Puzzle**

One day, when our earthly lives are complete, we will finally see the finished puzzle in all its splendor. We will marvel at its design, its vibrant colors, and its intricate beauty. We will understand that every piece—no matter how small or insignificant—played a vital role in the masterpiece of our life. Until then, let us trust in the Master's hands, knowing He is fitting each piece perfectly, crafting a life that reflects His love and glory.

**A Final Reflection**

God has placed us in a wonderful position, with divine plans and purposes for our lives. A small deviation from His purpose can cause deep sorrow to our Savior's heart. Yet even when we stray, He never gives up. The Good Shepherd waits patiently, knocking at the door of our hearts, ready to restore and continue His masterpiece.
Be assured—the Lord who began the good work in you will bring it to completion (Philippians 1:6). He is the Master Artist, lovingly putting the pieces of your life together until the very end.



# FAITH KNOWS NO FEAR!

REV. BIJU GEORGE

After the crucifixion and burial of the body of Jesus, some women rushed to the tomb early morning Sunday. They were Mary Magdalene, Mary the mother of James, and others (Matthew 28:1-10, Mark 16:1-8, Luke 24:10 & John 20:1-8). They took specially prepared fragrance with them to anoint the body of Jesus, which was a jewish custom. But they had some big issues ahead of them. There was a huge stone rolled over the grave and was sealed. Soldiers were guarding the tomb (they could be arrested). It was also unsafe for women to walk alone that early. But for these women, nothing mattered! Their love surpassed logic! They didn't know what they were doing was an act of worship. When they reached the tomb, (to their surprise), the tomb was open! Instead of seeing a dead body, they saw the living Jesus! Worship! They went to the tomb with heavy hearts but returned rejoicing and sharing the good news with everybody. That is what worship does! You don't come back with a heavy heart, after worship

In John 12:1-8, we see another act of worship. Mary of Bethany, (sister of Martha and Lazarus), poured costly perfume on the feet of Jesus! She had many of her own needs but she did not count the cost, when it came to Jesus. It was her way of saying "Thank you Jesus"! These two acts of worship teach us something. In the first case, those women did not worry about their own life/safety. Their love for Jesus exceeded every fear and doubt. In the second, we see Mary who did not count the cost of the perfume. She believed Jesus deserved that kind of a worship. But what two of Jesus' own did before the crucifixion is just shocking. Peter and Judas Iscariot momentarily acted like strangers! Peter, because of his fear for life, disowned Jesus before a young girl. Iscariot, because of his love for money, "sold" Jesus. After Jesus was crucified, it was two strangers - Joseph of Arimathea and Nicodemus (John 3) who boldly went and received the body of Jesus and buried it. When "his own" backed up, "strangers" stepped in!

Today, many who boast of being "the people of God", are taking a step back when it comes to faith and love. So God has raised up a new generation, who love Jesus from the depth of their heart. Like the prodigal, these new believers cry to Jesus for the forgiveness of their sins. But then there are those traditional Christians, those with the" elder brother" mentality, who cannot accept them. They use logic, more than love. But the father's love goes beyond logic. Unless we get that father's heart, we won't be accepted by the father! Logic does what is politically correct, but love does what is divinely correct! If a son or daughter gets into an accident, the parent does not use logic. Their love may prompt then to jump and save that child, risking their own safety! In Acts 10, we see that Jesus transformed Peter by sending him to the house of Cornelius. Peter had some "issues" dealing with gentiles. As the Cornelius family had their big day of transformation, Peter also had his!

Do I really love Jesus? Am I more concerned what the person sitting next in church will think of me, than about worshipping Jesus? If we truly love Jesus, all fear is out! (1 John 4:18) King David worshipped and danced for God even as his wife Michal didn't like it! Jesus did for us what nobody else has done. He loves us so much! Faith and love must replace fear and doubt!

കവിത

# ജീവാമൃത്



SUSAN B. JOHN
Joint Secretary

മലർ മധുനുകരും അളിപോലെ
തിരുവചനമാം മധുരാമൃതം
ആസ്വദിച്ചാനന്ദാനുഭൂതിയിലമരാൻ
അമലനാഥാ! നിൻ വചസ്സുകൾ ദിനവും
ഏകണമെ ആനന്ദതന്തുലയായി
അവിടുത്തെ പദമലരണയുവാൻ.
തിരുവചനമനേകർക്ക് മാർഗ്ഗദീപമായ്
അപഥയാത്രികരെ നേർ പാതയിലാക്കും
അന്ധതയിലമർന്നു അടിപതറിടും
അജ്ഞനെജ്ഞാനിയും സിദ്ധനുമാക്കിടുന്നഹോ!
ആശയറ്റോർക്കൊരു ആശാ വിളംബരം
കുരുടർക്കും, മുടന്തർക്കും വിടതലിൻസന്ദേശം
ഏതൊരു പാപിയേം പാവനനാക്കിടും
സ്നേഹം തുളുമ്പുന്നയേശുവിൻ വചനം
വീഥിയിൽ, വേദിയിൽ ഒക്കെ മുഴങ്ങിടും
കുടിലു കൊട്ടാരത്തിലൊക്കെ എത്തിടും
ഭൃത്യ, പ്രഭുക്കന്മാരൊക്കെ ഏന്തിടും
സുവാർത്താവാഹിയാം, കൃപയിൻ വചനം
ആത്മാവിൻ ദാഹ, പശിയടക്കി നിത്യവും
പോഷിപ്പിക്കുന്നതാം ജീവന്റെ വചനം
ഈ ലോകജീവിത പ്രയാണമദ്ധ്യേ
തേനിലും തേൻ കട്ടയേക്കാളേറെ ശ്രേഷ്ഠം
ആനന്ദം ദു:ഖസാന്ദ്രമായ് തീർന്നു മനം
കാർമേഘപടലം പോലായിടും വേള
തവമൊഴികൾ മമചിത്തത്തെ സദാ
പ്രഭാപൂരിതമാക്കിടുന്നു സർവ്വേശ്വരാ! പുതു
ജീവൻ പകരും തിരുവചനം എൻ
ഹൃദയമാം പലകയിൽ ഉല്ലേഖനം ചെയ്ത
ഉള്ളമുണർത്തിടും സദുപദേശകനായ്
നേർപാതയിൽ നടത്തുന്നതെന്തത്ഭുതം.
വിശ്വാസ ജീവിതമാർഗ്ഗ വിഘ്നമായ് മേവും
സാത്താന്യ രിപുഗണങ്ങളെവെന്നിടാൻ
തിരുവചനമാം അസിയേകിടണെ
വീരയോദ്ധാവായ് നിൻ രണാങ്കണത്തിൽ
അടരാടി ജയഭേരി മുഴക്കുവാൻ.
സ്വർഗ്ഗത്തിൽ സ്ഥിരമായി ഒളിവിതറും
അന്തസത്താം നിൻ വേദപ്രമാണങ്ങളെ
ആരാഞ്ഞനുസരിച്ചാത്മ നിവൃതിയടയാൻ
തരികനാഥാ! തവ ജീവാമൃത് കനിവോടെ!!
ജഡം ധരിച്ചിഹെ ഉദ്ധാരകനായ് വന്ന
വചനമാം ദൈവമെ, തിരുപാദപീടെ
കുമ്പിടുന്നീ ഏഴയാം, അങ്ങയുടെ ദാസി.